## രാത്രിയിൽ ജോലി സമയത്ത് ഉറങ്ങിയതിന് പിരിച്ചുവിട്ട കാവൽക്കാരനെ മുൻകൂർ വേതനം കൂടാതെ തിരിച്ചെടുക്കണം

### മദ്രാസ് ഹൈക്കോടതി

W.P. No. 10559/2011 Dt. 18.2.2021

പി. മുത്തുകൃഷ്ണൻ

x

ശ്രീ മീനാക്ഷി മിൽസ് ലിമിറ്റഡ്

സ്ഥാപനത്തിൽ പരിശീലനാർത്ഥിയായി കാവൽക്കാരൻ-ഡ്രൈവർ എന്ന തസ്തികയിൽ 1992-ലാണ് ഹർജിക്കാരൻ ജോലിയിൽ പ്രവേശിച്ചത്. കമ്പനിയുടെ ഹെഡ് ഓഫീസിലാണ് അയാൾക്ക് ആദ്യ നിയമനം ലഭിച്ചത്. അഞ്ച് വർഷം കഴിഞ്ഞപ്പോൾ കോവൈ ജില്ല പഞ്ചലൈ തൊഴിലർ സംഘം എന്ന തൊഴിലാളി യൂണിയനിൽ ചേർന്ന് പ്രവർത്തിക്കാൻ തുടങ്ങി. തൊഴിലാളിയുടെ ഇത്തരം സംഘടനാ പ്രവർത്തനം മേനേജ്മെന്റിന് അസഹ്യമായി തോന്നി. തുടർന്ന് 1998-ൽ മേനേജ്മെന്റ് അയാളെ പറവൈ ശാഖയിലേക്ക് സ്ഥലംമാറ്റി. അവിടെ ജോലി ചെയ്തുകൊണ്ടിരിക്കെ അയാൾക്കെതിരെ പെരുമാറ്റദൂഷ്യം ആരോപിക്കപ്പെട്ടു. രാത്രിയിലെ ജോലി സമയത്ത് പതിവായി ഉറങ്ങിയെന്ന കുറ്റമാണ് അയാൾക്കെതിരെ ഉന്നയിക്കപ്പെട്ടത്. ഗാർഹികാന്വേഷണത്തിലൂടെ അയാൾക്കെതിരെയുള്ള കുറ്റാരോപണം ശരിയാണെന്ന് തെളിഞ്ഞു. അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ മേനേജ്മെന്റ് അയാളെ ജോലിയിൽ നിന്ന് 2000-ൽ പിരിച്ചുവിട്ടു. ഇതിനെതിരെ അയാൾ ലേബർ കോടതിയിൽ വ്യവസായ തർക്കമുന്നയിച്ചു. തൊഴിലാളിക്കെതിരെ നടത്തിയ ഗാർഹികാന്വേഷണം കുറ്റമറ്റതായിരുന്നുവെന്നും കുറ്റാരോപണം തെളിഞ്ഞിട്ടുണ്ടെന്നും ലേബർ കോടതി വിലയിരുത്തുകയുണ്ടായി. പക്ഷെ തൊഴിലാളിക്കു നല്കിയ ശിക്ഷ അമിതമാണെന്നു കണ്ട ലേബർ കോടതി മുൻകാല വേതനം കൂടാതെ തൊഴിലാളിയെ ജോലിയിൽ തിരിച്ചെടുക്കണമെന്ന് വിധിച്ചു. ഇതിനെതിരെ തൊഴിലാളി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. തനിക്ക് മുൻകാല വേതനവും അനുബന്ധ ആനുകൂല്യങ്ങളും നിഷേധിച്ചത് അന്യായമാണെന്ന് തൊഴിലാളി വാദിച്ചു. കുറ്റമറ്റ ഗാർഹികാന്വേഷണത്തിലൂടെ കുറ്റാരോപണം തെളിഞ്ഞിട്ടും തൊഴിലാളിയെ തിരിച്ചെടുക്കണമെന്ന് ലേബർ കോടതി വിധിച്ചത് തന്നെ തെറ്റാണെന്നും അപ്രകാരമിരിക്കെ മുൻകാല വേതനം കൂടി അനുവദിക്കുന്നത് ന്യായീകരിക്കാനാവില്ലെന്നും മേനേജ്മെന്റ് വാദിച്ചു. ലേബർ കോടതിയുടെ വിധിയിൽ ഇടപെടാൻ തക്ക കാരണങ്ങളൊന്നുമില്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി ലേബർ കോടതിയുടെ വിധി ശരിവയ്ക്കുകയും തൊഴിലാളിയുടെ റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്തു.